# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 14

08-02-2016-ൽ മറുപടിക്ക്

## മലപ്പുറം ക്യാൻസർ ആശുപത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച മലപ്പുറത്ത് ക്യാൻസർ ആശുപത്രിയെന്ന പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ മലപ്പുറത്ത് ക്യാൻസർ സെന്റർ ആശുപത്രിയെന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയ്ക്ക് വേണ്ടി മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദായ നികുതി വകുപ്പിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുണ്ട്. പദ്ധതിയ്ക്ക് സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും മലപ്പുറത്ത് ഒരു താൽക്കാലിക ഓഫീസ് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ജില്ലയിൽ എവിടെയാണ് ആരംഭിക്കുന്നതെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ ? | (ബി) | ഈ പദ്ധതി മലപ്പുറം ജില്ലയിൽ പാണക്കാടാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്ക് ആവശ്യമായ 25 ഏക്കർ സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി 4 കൊല്ലം കൊണ്ട് പൂർത്തീകരിക്കാൻ സാധിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ